# UNIT TEST - 4

**Class X** **MALAYALAM** **Time : 1½ hrs.**
**Marks : 40**

## SET A

### എ വിഭാഗം

**1. ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക.** **5 × 1 = 5**

ദക്ഷിണ കേരളത്തിലെ ദേവീക്ഷേത്രങ്ങളിൽ നടത്താറുള്ള ഒരു അനുഷ്ഠാനകലയാണ് കാളിയൂട്ട്. കാളി - ദാരികവധമാണ് പശ്ചാത്തലം. ഒൻപതോ പതിനൊന്നോ ദിവസങ്ങൾ നീണ്ടു നിൽക്കുന്ന ചടങ്ങുകൾ ഇതിനുണ്ട്. കലാരൂപം അരങ്ങേറുന്നതിന്റെ ആദ്യദിവസം ഭഗവതിയെ ക്ഷേത്രത്തിനു പുറത്തുള്ള കാവൽമാടപ്പുരയിലേക്ക് എഴുന്നള്ളിക്കും. വെള്ളാട്ടംകളി എന്നൊരു സംഘനൃത്തം ഇതോടൊപ്പമുണ്ട്. നാരദന്റെ പുറപ്പാട് മൂന്നാംദിവസമാണ്. നാലാംദിവസം 'കാവലുടയനായർ' പുറപ്പെട്ട് നന്ദികേശനെ നായരാക്കുന്ന ചടങ്ങാണ്. ഓലമ്പള്ളി, ഉഗ്രമ്പള്ളി എന്നീ ബ്രാഹ്മണരുടെ പുറപ്പാട് അഞ്ചാംദിവസമാണ്. ആറാംദിവസം കണിയാരുടെ പുറപ്പാടും ഏഴാം ദിവസം ദേവിയുടെ വരവും എട്ടാംദിവസം മുടിയുഴിച്ചിൽ, ദാരികാന്വേഷണം തുടങ്ങിയവയുമാണ്. ഒമ്പതാംദിവസം മുടിയേറ്റും പോരും പറണേറ്റും ഗുരുതിയും നടക്കും. തെങ്ങുതടി ഉയരത്തിൽ നാട്ടി പലക പാകി തട്ടുകൾ കെട്ടി (പറണ്) അതിലിരുന്നാണ് കാളിയും ദാരികനും പോർവിളി നടത്തുന്നത്. കാളിയൂട്ടിന് കാളിയാട്ടം എന്നും പറയാറുണ്ട്.

1. കാളിയൂട്ടിന് ആസ്പദമായി സ്വീകരിച്ചിരിക്കുന്ന ഇതിവൃത്തം ഏത്?
   (ഭദ്രകാളിയുടെ നൃത്തം, കാളി-ദാരികവധം, കാളിയും ദാനവേന്ദ്രനും തമ്മിലുള്ള യുദ്ധം, ഉടിയാട്ടം)
2. കാളിയൂട്ടിനൊപ്പമുള്ള സംഘനൃത്തത്തിന്റെ പേര്?
   (അരങ്ങ്വാഴ്ത്തൽ, അരങ്ങ്കേളി, ദാരികന്റെ പുറപ്പാട്, വെള്ളാട്ടംകളി)
3. കാളിയൂട്ട് നടത്തപ്പെടുന്നത് എവിടെയാണ്?
   (മദ്ധ്യകേരളത്തിലെ ദേവീക്ഷേത്രങ്ങളിൽ, ദക്ഷിണ കേരളത്തിലെ ദേവീക്ഷേത്രങ്ങളിൽ, ഉത്തര കേരളത്തിലെ ദേവീക്ഷേത്രങ്ങളിൽ, ഇതെല്ലാം)
4. താഴെപ്പറയുന്നവയിൽ കാളിയൂട്ടിന്റെ വേറൊരു പേര് ഏത്?
   (അരങ്ങ് കേളി, അരങ്ങ് വാഴ്ത്തൽ, പുറപ്പാട്, കാളിയാട്ടം)
5. കാളിയൂട്ട് കലാരൂപത്തിൽ ഒൻപതാം ദിവസം നടത്തുന്ന ചടങ്ങ് ഏത്?
   (മുടിയേറ്റ്, തെയ്യം, കാളിയൂട്ട്, പൂരക്കളി)

**2. താഴെക്കൊടുത്തിരിക്കുന്നവയിൽ ഏതെങ്കിലും അഞ്ചെണ്ണത്തിന് ഉത്തരമെഴുതുക.** **5 × 1 = 5**

a) പര്യായപദം കണ്ടെത്തുക.
   മഞ്ഞ് (മഴ, നീഹാരം, നീരാവി, തുഹിനം)

b) വിപരീതപദം കണ്ടെത്തുക
   കൊളുത്തുക (നനയ്ക്കുക, കെടുത്തുക, തെറുക്കുക)

c) ഉഷസ്സിന് പര്യായമല്ലാത്ത പദം എടുത്തെഴുതുക.
   (പ്രദോഷം, കാല്യം, പുലരി, പ്രഭാതം)

d) അർത്ഥവ്യത്യാസം കണ്ടെത്തുക.
   കപോലം, കപാലം
   (ചെവി, തലയോട്ടി, കവിൾ, കഴുത്ത്)

e) 'പാവനം' എന്ന പദത്തിന്റെ അർത്ഥം കണ്ടെത്തുക.

(സാധനം, പരിശുദ്ധം, മനോഹരം)

f) പിരിച്ചെഴുതുക.

മലയുടെ (മല + യുടെ, മല + ടെ, മല + ഉടെ)

**3.** ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. **3 × 2 = 6**

1. **"പഴമയിലിഴയും പല്ലുകൊഴിഞ്ഞൊരു**
**പാട്ടാണെന്നു പഴിക്കാമിന്നു."**

   a) ആരാണ് പഴിക്കുന്നത്?

   (പരിഷ്കാരികൾ, പുള്ളുവൻ, നെയ്യാമ്പലുകൾ, തുമ്പകൾ)

   b) തുമ്പകൾ എന്തുകൊണ്ടാണ് വിറച്ചുനിൽക്കുന്നത്?

   (മഴകൊണ്ട്, കാറ്റുകൊണ്ട്, നനഞ്ഞതുകൊണ്ട്, നനവുകൊണ്ട്)

2. **"മലരിൻകൂട നിറച്ചുവിറച്ചേ**
**നിൽക്കയല്ലോ മേടുകൾതോറും."**

   a) മഴ നനഞ്ഞും പൂക്കുട നിറച്ച് മേടുകൾതോറും നിറഞ്ഞുനിൽക്കുന്നത് ആരാണ്?

   (തുമ്പകൾ, നെയ്യാമ്പലുകൾ, പുള്ളുവൻ, പരിഷ്കാരികൾ)

   b) നിലാവാകുന്ന കമുകിൻ പൂവരിതൂകി ഓണത്തപ്പനെ എതിരേൽക്കാൻ കാത്തുനിന്നത്?

   (രാത്രി, പുള്ളുവൻ, പകൽ, മുക്കുറ്റികൾ)

3. **"മഞ്ഞാലീറനുടുത്തൊരു <u>പാവനഭാവം</u>"**

   a) **അടിവരയിട്ടപദം വിഗ്രഹിച്ചാൽ**

   (പാവനവും ഭാവവും, പാവനംകൊണ്ടുള്ള ഭാവം, പാവനമായ ഭാവം, പാവനത്തിന്റെ ഭാവം)

   b) വൈലോപ്പിള്ളിയുടെ 'മാസ്റ്റർപീസ്' എന്ന് അറിയപ്പെടുന്ന ഖണ്ഡകാവ്യം?

   (കയ്പവല്ലരി, വിട, കുടിയൊഴിക്കൽ, മകരക്കൊയ്ത്ത്)

**4.** ബ്രാക്കറ്റിൽനിന്നും ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരം തെരഞ്ഞെടുത്തെഴുതുക. **4 × 1 = 4**

1. **"നീളും മലയുടെ ചങ്ങലവട്ടയിൽ**
**നാളം പാടലവിരലാസ് നീട്ടിയു**
**മോമൽക്കവിളു തുടുത്തും തെല്ലൊരു."**

   a) തന്നിരിക്കുന്ന വരികളിൽ പരാമർശിക്കുന്നത് എന്തിനെക്കുറിച്ചാണ്?

   (സന്ധ്യയെക്കുറിച്ച്, ഉഷസ്സിനെക്കുറിച്ച്, ഓണത്തെക്കുറിച്ച്)

   b) ഓണക്കോടിയുടുത്തുവരുന്നതാര്?

   (ചെറുകന്യകകൾ, ഉണ്ണികൾ, ഉഷസ്സ്)

   c) ചങ്ങലവട്ടയുടെ നാളം നീട്ടുന്നത്?

   (ചൂണ്ടുവിരലാൽ, പാടലവിരലാൽ, നീണ്ടവിരലാൽ)

   d) 'നാണം' എന്നർത്ഥം വരുന്ന പദം ഏത്?

   (ലാസ്യം, ത്രപ, നാളം)

2. **ഓണക്കാലത്തുണരും ഞാൻ, തിരു-**
**വോണപ്പാട്ടുകളാണെൻ പാട്ടുകൾ**

   a) ആരെക്കുറിച്ചാണ് ഇവിടെ പറയുന്നത്?

   (മഹാബലിയെക്കുറിച്ച്, പുലരിയെക്കുറിച്ച്, പുള്ളുവനെക്കുറിച്ച്)

b) തിരു + ഓണം - സന്ധിയേത്?

(ആദേശം, ആഗമം, ലോപം)

c) പൂത്തറമേൽ പനയോലക്കുട ചൂടിയിരിക്കും - ആര്?

(ഉണ്ണികൾ, പുള്ളുവൻ, ഓണത്തപ്പൻ)

d) തന്നിരിക്കുന്ന ഈരടിയിൽ രണ്ടാമത്തെ അക്ഷരം ഒരേപോലെ വരുന്ന പ്രാസം ഏത്?

(യമകം, അനുപ്രാസം, ദ്വിതീയാക്ഷരപ്രാസം)

## ബി വിഭാഗം

**5. പ്രയോഗം മാറ്റുക.** **1**

ഓണക്കോടി ഉടുത്ത ഉഷസ്സിനെ കവി വർണ്ണിക്കുന്നു.

**6. വിധിവാക്യത്തെ അർത്ഥവ്യത്യാസമില്ലാതെ നിഷേധവാക്യമാക്കി മാറ്റുക.** **1**

മഞ്ഞിൽ കുളിച്ച് ഈറനുടുത്ത പാവനമായ ഒരു ഭാവം ഉണ്ട്.

**7. ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒന്നരപ്പുറത്തിൽ കവിയാതെ ഉപന്യസിക്കുക.** **6**

i) തീവ്രവാദം - ലോകസമാധാനത്തിന് ഭീഷണി

ii) വ്യക്തിജീവിതത്തിൽ മാതൃഭാഷയ്ക്കുള്ള സ്ഥാനം

**അഥവാ**

സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള ബോധവത്ക്കരണ ക്ലാസ്സിന്റെ സംസ്ഥാനതല ഉദ്ഘാടനം നിങ്ങളുടെ സ്കൂളിൽവെച്ച് പോലീസ് മേധാവി ഉദ്ഘാടനം ചെയ്തു. ഈ ചടങ്ങിനെക്കുറിച്ച് ഒരു പത്രവാർത്ത തയ്യാറാക്കുക.

**8. താഴെക്കൊടുത്തിരിക്കുന്നതിൽ ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

**2 × 4 = 8**

1) "മാവേലി നാടു വാണീടുംകാലം
മാനുഷരെല്ലാരുമൊന്നുപോലെ..."

എന്ന കവിതയിലെ സമൂഹവും ഇന്നത്തെ സമൂഹവും തമ്മിലുള്ള വ്യത്യാസങ്ങളിലൂന്നി കാലത്തിനനുസരിച്ച് മാറുന്ന ഓണസങ്കല്പങ്ങൾ എന്ന വിഷയത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

2) മലയാളദേശം ഓണത്തെ സ്വീകരിക്കുന്നതെങ്ങനെയെന്ന് കണ്ടെത്തി സ്വന്തം വാക്യത്തിലവതരിപ്പിക്കുക.

3) "പഴമയിലിഴയും പല്ലുകൊഴിഞ്ഞൊരു
പാട്ടാണെന്നു പഴിക്കാമിന്നുപ-
രിഷ്കാരത്തിൻ തിണ്ണയിലുള്ളവർ
പഴമോടരിയും പപ്പടവുംത-
ന്നാവതുവേഗമയയ്ക്കാൻ നോക്കാം
ഇവരറിയുന്നീലെന്നഭിമാനം!"

ഇവിടെ കവി ആവിഷ്കരിക്കുന്ന വിചാരങ്ങൾ എന്തെല്ലാമാവാം?

**9. താഴെക്കൊടുത്തിരിക്കുന്നതിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക.** **1 × 4 = 4**

1) ചട്ടമ്പിസ്വാമികളും സ്വാമിവിവേകാനന്ദനുമായുണ്ടായ കൂടിക്കാഴ്ചയെക്കുറിച്ച് വിവരിക്കുക.

2) ഏറ്റുമാനൂർ ക്ഷേത്രത്തിൽ വച്ചുണ്ടായ രസകരമായ സംഭവം എന്തായിരുന്നു?

# UNIT TEST - 4

**Class X** **MALAYALAM** **Time : 1½ hrs.**

**Marks : 40**

## SET B

### എ വിഭാഗം

**1. ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക.** **5 × 1 = 5**

തിരുവനന്തപുരം ജില്ലയിൽ പ്രചാരത്തിലുള്ള ഒരു ഗ്രാമീണകലയാണ് കാക്കാരിശ്ശിനാടകം. കാക്കാലനാടകം, കാക്കരുകളി, കാക്കാലച്ചി നാടകം എന്നീ പേരുകളിലും ഈ കല അറിയപ്പെടുന്നു. ശിവനും പാർവ്വതിയും കുറവനും കുറത്തിയുമായി ഭൂമിയിൽ സഞ്ചരിച്ചുവെന്ന വിശ്വാസമാണ് ഇതിന്റെ പശ്ചാത്തലം. നൃത്തം, അഭിനയം, സംഗീതം എന്നിവയുടെ ചേരുവയാണ് ഈ കല. മൃദംഗം, ഇലത്താളം, ഹാർമോണിയം, ഗഞ്ചിറ തുടങ്ങിയ വാദ്യോപകരണങ്ങൾ ഈ കലാരൂപത്തിന് താളക്കൊഴുപ്പ് നൽകുന്നു. കാക്കരുകളി തുടങ്ങുന്നത് വന്ദനഗാനത്തോടെയാണ്. തമ്പ്രാന്റെ ചോദ്യത്തിന് കാക്കാലൻ നൽകുന്ന മറുപടികളിലൂടെ കഥാവിഷ്കരണം നടക്കുന്നു.

1. കാക്കരുകളിയിൽ ആരു നൽകുന്ന മറുപടികളിലൂടെയാണ് കഥാവിഷ്കരണം നടക്കുന്നത്?
   (ഗ്രാമീണർ, കുറവൻ, കുറത്തി, കാക്കാലൻ)
2. ഏതു ജില്ലയിൽ പ്രചാരത്തിലുള്ള കലയാണ് കാക്കിരിശ്ശി നാടകം?
   (എറണാകുളം, കോട്ടയം, തിരുവനന്തപുരം, കാസർഗോഡ്)
3. താഴെക്കൊടുത്തിരിക്കുന്നവയിൽനിന്നും കാക്കിരിശ്ശി നാടകത്തിന്റെ മറ്റൊരു പേര് അല്ലാത്തത് ഏത്?
   (കാക്കാലനാടകം, കാക്കാലച്ചി നാടകം, കാക്കരുകളി, കാക്കലച്ചികളി)
4. കാക്കാലച്ചി നാടകത്തിന് ഉപയോഗിക്കുന്ന വാദ്യോപകരണങ്ങളിൽപ്പെടാത്തത് ഏത്?
   (മൃദംഗം, ഇലത്താളം, വീണ, ഹാർമോണിയം)
5. കാക്കരുകളി ആരംഭിക്കുന്നത് എങ്ങനെയാണ്?
   (ഈശ്വരപ്രാർത്ഥന, വന്ദനഗാനത്തോടെ, സംഘഗാനത്തോടെ, യക്ഷഗാനത്തോടെ)

**2. ഏതെങ്കിലും അഞ്ചെണ്ണത്തിന് ഉത്തരമെഴുതുക.** **5 × 1 = 5**

a) അർത്ഥവ്യത്യാസം കണ്ടെത്തുക
   നിദാനം, നിനാദം (മുഖ്യകാരണം, ശബ്ദം, രീതി, അളവ്)

b) എതിർലിംഗംകണ്ടെത്തുക.
   അരചൻ (അരചി, അരച, ആർച്ച)

c) അർത്ഥമെഴുതുക - പാടലം
   (പരിശുദ്ധം, പ്രകാശം, ഇളംചുവപ്പ്, പിംഗലം)

d) അരിയുടെ നാനാർത്ഥം കണ്ടെത്തുക.
   (മാനം, ശത്രു, ഭംഗി, മണി)

e) നാനാർത്ഥം എഴുതുക.
   മലർ (ഇല, നെൽപ്പൊരി, പൂവ്, ദളം)

f) മധുരോദാരം വിഗ്രഹിക്കുക.
   (മധുരത്തിന്റെ ഉദാരം, മധുരമായ ഉദാരം, മധുരവും ഉദാരവും)

3. ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. **3 × 2 = 6**

1. **"വയലേലകൾ തോറും നടുവിൽ പൊൻകിഴി**
   **യെരിയും വെള്ളിത്താലമെടുത്തു നിരന്നു ലസിപ്പൂ.'**
   a) എന്താണ് നിരന്നു ലസിക്കുന്നത്?
   (നെയ്യാമ്പലുകൾ, തുമ്പകൾ, പുള്ളുവൻ, പരിഷ്കാരികൾ)
   b) ഓണമുറ്റത്ത് എന്ന കവിത ഏതു സമാഹാരത്തിലേതാണ്?
   (വിട, കുടിയൊഴിക്കൽ, ശ്രീരേഖ, കയ്പവല്ലരി)

2. **"ഓണക്കാലത്തുണരും ഞാൻ**
   **തിരുവോണപ്പാട്ടുകളാണെൻ പാട്ടുകൾ."**
   a) ആരാണ് ഇങ്ങനെ പറഞ്ഞത്?
   (പരിഷ്കാരികൾ, പുള്ളുവൻ, തുമ്പകൾ, നെയ്യാമ്പലുകൾ)
   b) നല്ലതിഥി നമുക്കിനിയാരിതുപോലെ. ആരാണ് അതിഥി?
   (വാമനൻ, മഹാബലി, രാവണൻ, രാമൻ)

3. **ഒരു കവിതകൊണ്ട് ഒരു കാലാവസ്ഥതന്നെ സൃഷ്ടിച്ച അപൂർവ്വം കവികളിൽ ഒരാളാണ് വൈലോപ്പിള്ളി.**
   a) വൈലോപ്പിള്ളിയുടെ കവിതകൾ അറിയപ്പെടുന്നത് ഏത് പേരിൽ?
   (ഹൃദയത്തിന്റെ കവിത, പ്രകൃതിയുടെ കവിത, കാച്ചിക്കുറുക്കിയ കവിത, ആത്മാവിന്റെ വിസ്ഫോടനങ്ങൾ)
   b) ആസ്വാദകമനസ്സുകളിൽ വൈലോപ്പിള്ളിക്ക് ചിരപ്രതിഷ്ഠ നേടിക്കൊടുത്ത കവിത ഏത്?
   (കുടിയൊഴിക്കൽ, കുന്നിമണികൾ, മാമ്പഴം, മിന്നാമിന്നി)

4. ബ്രാക്കറ്റിൽനിന്നും ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരം തെരഞ്ഞെടുത്തെഴുതുക. **4 × 1 = 4**

1. **'പനിനീരാൽ കഴുകിക്കൂ കാലുകൾ**
   **മണി പീഠത്തിലിരുത്തൂ മന്നനെ**
   a) ഏതു രാജാവിനെക്കുറിച്ചാണ് ഇവിടെ പരാമർശിക്കുന്നത്?
   (പ്രഹ്ലാദൻ, ബലി, അനുഹ്ലാദൻ)
   b) മന്നനെ എവിടെയാണിരുത്തേണ്ടത്?
   (പൂത്തറയിൽ, അങ്കണത്തിൽ, മലയാളത്തറവാട്ടിന്നങ്കണ മണിപീഠത്തിൽ)
   c) പനിനീരാൽ ഇതിലെ ആൽ ഏത വിഭക്തിയുടെ പ്രത്യയം ആണ്?
   (സംയോജിക, പ്രയോജിക, പ്രതിഗ്രാഹിക)
   d) വയലാർ അവാർഡിന് വൈലോപ്പിള്ളിയെ അർഹനാക്കിയ കൃതി?
   (കയ്പവല്ലരി, മൃതസഞ്ജീവനി, മകരക്കൊയ്ത്ത്, പച്ചക്കുതിര)

2. **"പഴയൊരു പുള്ളുവനാണല്ലോ ഞാൻ;**
   **പായും കുടയുംനെല്ലും പിന്നെ**
   **പ്പല കൈവേലകൾ ചെയ്യും."**
   a) കവി ഇവിടെ സ്വയം ആരായി കല്പിക്കുന്നു?
   (കർഷകൻ, അരചൻ, പുള്ളുവൻ)

b) നർത്തനകലവികൾ കൊള്ളാൻ പാടുന്നത് എന്ത്?

(നാടൻകവിതകൾ, ഓണപ്പാട്ട്, കൊയ്ത്തുപാട്ട്)

c) പുള്ളുവനോടൊപ്പം ഉള്ളത് എന്ത്?

(പായ്, കുട, വീണപ്പെണ്ണ്)

d) കറ്റമെതിച്ചുകിതയ്ക്കുന്നത് ആര്?

(കർഷകർ, പണിക്കാർ, ഗ്രാമപ്പെൺകൊടിമാർ)

## ബി വിഭാഗം

**5. അംഗ-അംഗിവാക്യങ്ങൾ തിരിച്ചെഴുതുക.** **1**

കള്ളവും ചതിവും എള്ളോളം പോലുമില്ലാത്ത ഭൂതകാലത്തെക്കുറിച്ച് ഓർക്കുമ്പോൾ നമ്മൾക്ക് കരുത്തു വരും.

**6. പ്രയോഗം മാറ്റുക.** **1**

ഓണത്തിന് മലയാളദേശം മാവേലിത്തമ്പുരാനെ വരവേൽക്കുന്നു.

**7. ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒന്നരപ്പുറത്തിൽ കവിയാതെ ഉപന്യസിക്കുക.** **6**

i) കീടനാശിനി ഉയർത്തുന്ന ഭീഷണികൾ

ii) പത്രം സമൂഹത്തിന്റെ കണ്ണാടി

**അഥവാ**

കേരളപ്പിറവി ദിനത്തിൽ നിങ്ങളുടെ നാട്ടിൽ നടന്ന ആഘോഷം സാംസ്കാരിക വകുപ്പുമന്ത്രി ഉദ്ഘാടനം ചെയ്തു. ഈ വിഷയത്തെക്കുറിച്ച് ഒരു പത്രവാർത്ത തയ്യാറാക്കുക.

**8. താഴെക്കൊടുത്തിരിക്കുന്നതിൽ ഏതെങ്കിലും മൂന്നു ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.** **2 × 4 = 8**

1) "ഏതുമുറങ്ങാതെമ്പാടും വയ-
ലേലകൾ തോറും നടുവിൽ പൊൽക്കിഴി-
യെരിയും വെള്ളിത്താലമെടുത്തു നി-
രന്നു ലസിപ്പൂ നെയ്യാമ്പലുകൾ." (ഓണമുറ്റത്ത്)

വരികളിൽ തെളിയുന്ന കാവ്യപരമായ സവിശേഷതകൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

2) "ഓണത്തെ വരവേൽക്കുന്ന മലയാളനാടിന്റെ ആഹ്ലാദത്തിമിർപ്പ്". വർത്തമാനകാലത്ത് എത്രത്തോളം പ്രസക്തമാണ് ഈ പ്രസ്താവന?

3) "നീളും മലയുടെ ചങ്ങലവട്ടയിൽ
നാളം പാടലവിരലാൽ നീട്ടിയു-
മോമൽക്കവിളു തുടുത്തും തെല്ലൊരു
നാണത്തോടു പരുങ്ങിയൊരുങ്ങിടു-
മോണക്കോടിയുടുത്തൊരുഷസ്സേ...." (ഓണമുറ്റത്ത്)

- പ്രഭാതത്തെ മനുഷ്യഭാവത്തിലവതരിപ്പിച്ചതിന്റെ സൗന്ദര്യം വിശകലനം ചെയ്യുക.

**9. താഴെക്കൊടുത്തിരിക്കുന്നതിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക.** **1 × 4 = 4**

1) സ്വാമികളുടെ സാന്നിദ്ധ്യത്തിൽ ഹിംസ്രജന്തുക്കൾപോലും ശാന്തരാകുമായിരുന്നു എന്നതിന് ഒരുദാഹരണം എഴുതുക.

2) അഴിമതിക്കാരനായ ഉദ്യോഗസ്ഥന് സ്വാമികൾ നൽകിയ അനാദൃശ്യമായ പാഠമെന്തായിരുന്നു?